## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1792

16.02.2016-ൽ
മറുപടിയ്ക്ക്

### സൈനികൻ ശ്രീ. കെ. വി. പ്രദീപന്റെ വിധവയുടെ നിവേദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സേവനത്തിലിരിക്കെ മരണമടഞ്ഞ സൈനികൻ ശ്രീ. കെ. വി. പ്രദീപന്റെ വിധവയ്ക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകണമെന്നും സൈനിക ക്ഷേമനിധിയിൽ നിന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടുള്ള നിവേദനം എപ്പോഴാണ് ഗവൺമെന്റിന് സമർപ്പിച്ചത് ; | രണ്ടാവശ്യങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിവേദനം, 23.01.2012-ൽ സർക്കാരിൽ ലഭിച്ചു. |
| (ബി) ഇതു സംബന്ധിച്ച പൊതുഭരണ വകുപ്പിലെ No.6693/SW3/12/GAD ഫയലിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | ഈ നിവേദനം തുടക്കത്തിൽ കൈകാര്യം ചെയ്തിരുന്നത് 6693/SW3/12/GAD എന്ന ഫയലിലാണ്. എന്നാൽ, ആശ്രിതനിയമനം, ആനുകൂല്യങ്ങൾ നൽകൽ എന്നീ വിഷയങ്ങൾ പിന്നീട് രണ്ട് വ്യത്യസ്ത ഫയലുകളാക്കി മാറ്റി. അതിനാൽ ഇപ്പോൾ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് 25320/SW2/15/GAD, 41906/SW3/15/GAD എന്നീ ഫയലുകളിലാണ്. |
| (സി) മരണമടഞ്ഞ സൈനികന്റെ വിധവയ്ക്ക് സമാശ്വാസ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | ശ്രീ. കെ. വി. പ്രദീപിന്റെ വിധവയ്ക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂൾ ടീച്ചറായി (ഹിന്ദി) നിയമനം നൽകാൻ തീരുമാനമെടുക്കുകയും, അതിനായി ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) സൈനിക സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ ? | സൈനിക സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകുന്ന വിഷയം സർക്കാർ അതീവ പ്രാധാന്യത്തോടെയും കഴിയുന്നത്ര വേഗത്തിലുമാണ് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ